I ഇ.ബി. XV - കേരള നിയമസഭ/VII-7

# പതിനഞ്ചാം കേരള നിയമസഭ

ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 ഡിസംബർ 13, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. അടിയന്തരപ്രമേയം

കാർഷികോല്പന്നങ്ങളുടെ വിലയിടിവ്

മി. സ്പീക്കർ: കാർഷികോല്പന്നങ്ങളുടെ വിലയിടിവ് തടയാൻ സർക്കാർ നടപടികൾ സ്വീകരിക്കാത്തതുമൂലം കർഷക സമൂഹം അതീവ ഗുരുതര പ്രതിസന്ധിയിലായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ മോൻസ് ജോസഫ്, അൻവർ സാദത്ത്, എൻ. എ. നെല്ലിക്കുന്ന്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി

കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സംസ്ഥാന സർക്കാരിന്റെ സമയോചിതമായ ഇടപെടൽമൂലം കാർഷിക മേഖലയിലുണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സാധിക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ കയറ്റുമതി-ഇറക്കുമതി നയങ്ങളും രാസവളത്തിന്റെ സബ്സിഡി വെട്ടിക്കുറച്ചതും പാമോയിലിന്റെ ഇറക്കുമതി തീരുവ കുറച്ചതും റബ്ബർ, കാപ്പി, ഏലം, കുരുമുളക്, നാളികേരം തുടങ്ങിയവയുടെ വിലയിടിവിന് കാരണമായിരിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനവും വന്യമൃഗ ശല്യവും കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. തീരുവയില്ലാത്ത സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി അവസാനിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. റബ്ബറിന്റെ ഇറക്കുമതി തീരുവ 70 ശതമാനത്തിലേയ്ക്കുയർത്തണമെന്നും റബ്ബറിനെ മേക്ക് ഇൻ ഇൻഡ്യ പദ്ധതിയിലുൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിന്റെ റോഡ് പ്രോജക്ടുകളിൽ റബ്ബർ ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം നൽകണമെന്നും റബ്ബറിന് താങ്ങുവില ഏർപ്പെടുത്തണമെന്നും സംസ്ഥാനം കേന്ദ്ര സർക്കാരിനോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടുണ്ട്. റബ്ബർ കൃഷിയെ കൃഷി

അനുബന്ധ മേഖലയിൽനിന്നും മാറ്റി വ്യവസായ മേഖലയിലാക്കുമെന്ന ഭേദഗതി കർഷകരുടെ വ്യാഖ്യാനംതന്നെ ഇല്ലാതാക്കുമെന്നതിനാൽ പരിഷ്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന റബ്ബർ ആക്ട്, കോഫി ആക്ട്, സ്പൈസസ് ആക്ട് തുടങ്ങിയവയുടെ കരട് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആശങ്കകൾ കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. കേന്ദ്ര നയങ്ങൾമൂലം കേരളത്തിലെ കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് കേരള സർക്കാരിന്റെ കർഷക സൗഹൃദ സമീപനം ആശ്വാസം പകരുന്നുണ്ട്. റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന കർഷകരെ സഹായിക്കാനാണ് 2015 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം കേരളത്തിൽ നടപ്പിലാക്കിവരുന്നത്. 2021-ൽ റബ്ബറിന്റെ താങ്ങുവില 170 രൂപയായി വർദ്ധിപ്പിക്കുകയും 12-12-2022 വരെ നാലര ലക്ഷത്തോളം കർഷകർക്കായി 1788.99 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഉല്പാദനച്ചെലവ് വർദ്ധിച്ച സാഹചര്യത്തിൽ റബ്ബറിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്ന കാര്യം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കുരുമുളകിനും പൈനാപ്പിളിനും അടിസ്ഥാന വില നിശ്ചയിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടെങ്കിലും അനുകൂല സമീപനം സ്വീകരിച്ചിട്ടില്ല. ഏലവും തേയിലയുമുൾപ്പെടെയുള്ള മേഖലയിലുണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് കേന്ദ്രത്തിന്റെ

ഇടപെടൽ അത്യന്താപേക്ഷിതമാണ്. കർഷകരെ സഹായിക്കുന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ നിഷേധാത്മക സമീപനത്തിൽ തിരുത്തൽ ആവശ്യമായതിനാൽ ശക്തമായ ബഹുജന പ്രക്ഷോഭവും യോജിച്ച മുന്നേറ്റവും അത്യന്താപേക്ഷിതമാണ്.

ശ്രീ. മോൻസ് ജോസഫ്: റബ്ബറിന്റെ വിലസ്ഥിരതാ ഫണ്ട് 250 രൂപയാക്കി വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കാൻ തയ്യാറാകുകയും നിലവിലെ തുക കൃത്യമായി നൽകുകയും വേണം. റബ്ബർ, നാളികേരം, ഏലം, കുരുമുളക്, തേയില അടക്കമുള്ള വിളകളുടെ വിലത്തകർച്ച കർഷക സമൂഹത്തെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. നാളികേര സംഭരണം പരാജയപ്പെട്ടിരിക്കുന്നു. കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആർ. ഹേലി സമിതി ഉൾപ്പെടെ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കാൻ തയ്യാറാകണം. കാർഷിക മേഖലയ്ക്കുവേണ്ടി സംസ്ഥാന ഗവൺമെന്റ് ഒരു പാക്കേജ് പ്രഖ്യാപിക്കണം. ഗുരുതരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): രജിസ്ട്രേഷനുള്ള സമയം ദീർഘിപ്പിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതും റബ്ബറിന്റെ റീ-പ്ലാന്റിംഗ് സബ്സിഡി ഉയർത്തുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം

ചെലുത്തുന്നതുമാണ്. റബ്ബറിന്റെ സംഭരണവില ഘട്ടംഘട്ടമായി 250 രൂപയായി ഉയർത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ സഹായം അത്യന്താപേക്ഷിതമാണ്. തേയിലത്തോട്ടം തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ജോലിഭാരം കുറയ്ക്കുന്നതിനുമായി SMAM (Sub-Mission on Agricultural Mechanisation) പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നാളികേര സംഭരണ കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാനും വി.എഫ്.പി.സി.കെ.-യുടെയും കേരഫെഡിന്റെയും 22 കേന്ദ്രങ്ങൾ mobile procure center ആയി പ്രവർത്തിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. കേന്ദ്രസഹായം ലഭിക്കാതെതന്നെ നാളികേര കർഷകർക്ക് 19.78 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്. ഓരോ കേര ഗ്രാമവും അവിടെയുള്ള നാളികേരം സംഭരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കി വിപണനം നടത്തുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. കർഷകർക്ക് ന്യായവില ലഭ്യമാകേണ്ടതിന്റെയും ഉല്പന്നങ്ങൾ സംഭരിക്കേണ്ടതിന്റെയും ഭാഗമായി കോൾഡ് സ്റ്റോറേജുകളും റഫ്രിജറേറ്റർ വാഹനങ്ങളും അത്യന്താപേക്ഷിതമാണ്. കൃഷിയിടത്തെ അടിസ്ഥാനപ്പെടുത്തി ഒരു കൃഷിഭവൻ ഏറ്റവും കുറഞ്ഞത് ഒരു മൂല്യവർദ്ധിത ഉല്പന്നമെങ്കിലും ഉല്പാദിപ്പിക്കുന്നതിനായി വാല്യൂ ആഡഡ് അഗ്രികൾച്ചറൽ മിഷൻ

രൂപീകരിക്കാനും പ്രസ്തുത മിഷന്റെ ഭാഗമായി കേര പ്രോജക്ടിലൂടെ 2109 കോടി രൂപയുടെ സഹായം വരുംവർഷങ്ങളിൽ കേരളത്തിൽ നടപ്പിലാക്കാനുമാണ് ഉദ്ദേശിക്കുന്നത്. കർഷകരെ സഹായിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധ ക്ഷണിക്കൽ

### (1) കണ്ണൂർ വിമാനത്താവള വികസനത്തിന് ഭൂമിയേറ്റെടുക്കൽ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: കണ്ണൂർ വിമാനത്താവളത്തിന്റെ റൺവേ വികസനത്തിന് ഭൂമിയേറ്റെടുക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കണം. കാനാട് മേഖലയിലെ 99.32 ഹെക്ടർ ഭൂമിയേറ്റെടുക്കലുമായി

ബന്ധപ്പെട്ട നഷ്ടപരിഹാരം നൽകുന്നതിനും കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 36 ഏക്കർ ഭൂമി ലഭ്യമാക്കുന്നതിനും വിമാനത്താവളത്തിന്റെ ലൈറ്റിംഗ് ഏരിയയുടെ അതിർത്തിയിൽ വരുന്ന കുടുംബങ്ങളുടെ ഭൂമിയേറ്റെടുക്കുന്നതിനും കിൻഫ്രാ പാർക്കിനുവേണ്ടി ഏറ്റെടുത്ത സ്ഥലത്ത് വ്യവസായ വികസനം സാധ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (<u>ശ്രീ. വി. എൻ. വാസവൻ</u>): കണ്ണൂർ വിമാനത്താവള വികസനത്തിനുവേണ്ടി രണ്ടാംഘട്ടമായി 804.37 ഏക്കർ ഭൂമിയേറ്റെടുത്ത് കിയാലിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് കോളാരി, കീഴല്ലൂർ വില്ലേജുകളിൽപ്പെട്ട 21.81 ഹെക്ടർ ഭൂമിയേറ്റെടുത്ത് കിൻഫ്രക്ക് നൽകിയിട്ടുള്ളതും കീഴൂർ, പട്ടാന്നൂർ വില്ലേജുകളിലെ 202.34 ഹെക്ടർ ഭൂമിയേറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതും മറ്റ് വില്ലേജുകളിൽപ്പെട്ട ഭൂമിയുടെ സാമൂഹ്യാഘാത പഠനം പൂർത്തിയായിട്ടുള്ളതുമാണ്. റൺവേ ദീർഘിപ്പിക്കുന്നതിനുള്ള 99.3235 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ

പൂർത്തീകരിച്ചുവരുന്നതും 162 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 14.6501 ഹെക്ടർ ഭൂമിയേറ്റെടുക്കുന്നതിന് ഭരണാനുമതി നൽകി വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. വിമാനത്താവളത്തിന്റെ ലൈറ്റിംഗ് ഏരിയയുടെ അതിർത്തിയിൽ വരുന്ന കുടുംബങ്ങളുടെ ഭൂമിയേറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(2) കെ.എസ്.ആർ.ടി.സി.-യിലെ ശമ്പളവിതരണവും യാത്രാക്ലേശവും

ശ്രീ. എം. വിൻസെന്റ്: 248 ദേശസാത്കൃത റൂട്ടുകൾ സ്വകാര്യ വ്യക്തികൾക്ക് നൽകിയും ഷെഡ്യൂളുകൾ വെട്ടിക്കുറച്ചും പുതിയ ബസ്സുകൾ വാങ്ങാതെ സൂപ്പർ ക്ലാസ് ബസ്സുകളുടെ പെർമിറ്റ് കാലാവധി നീട്ടിയും ജീവനക്കാരെ നിയമിക്കാതെയും കെ.എസ്.ആർ.ടി.സി.-യെ സ്വകാര്യവത്കരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. യാത്രാക്ലേശം പരിഹരിക്കുന്നതിന് പ്രതിവർഷം ആയിരം ബസ്സുകൾ വീതം മൂന്ന് വർഷത്തേയ്ക്ക് വാങ്ങുന്നതിനും എല്ലാ മാസവും അഞ്ചാം തീയതിക്ക് മുമ്പ് ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): ഇന്ധനം, ടയർ, സ്പെയർ പാർട്സ് എന്നിവയുടെ വിലയിലുണ്ടായ വർദ്ധനവും ബൾക്ക് പർച്ചേസർ എന്ന നിലയിൽ ലഭ്യമായിരുന്ന ഇന്ധനവിലക്കുറവ് എടുത്തുകളഞ്ഞതും

കോവിഡ് പ്രതിസന്ധിയും അതിജീവിച്ചാണ് കെ.എസ്.ആർ.ടി.സി മുന്നോട്ടുപോകുന്നത്. ഭരണ നിർവ്വഹണ ഓഫീസുകൾ 15 എണ്ണമായും വർക്ക്ഷോപ്പുകൾ 22 ആയും നിജപ്പെടുത്തിയും നിലവിലുള്ള ബസ്സുകളെയും ജീവനക്കാരെയും ശാസ്ത്രീയമായി വിന്യസിച്ച് പരമാവധി ഷെഡ്യൂളുകളും വരുമാനവും വർദ്ധിപ്പിക്കുന്നതിന് മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് പ്രകാരമുള്ള ഡ്യൂട്ടി പാറ്റേൺ നടപ്പാക്കിയിട്ടുണ്ട്. ബസുകൾ വാങ്ങുന്നതിനായി 814 കോടി രൂപ കിഫ്ബിയിലൂടെ വകയിരുത്തിയിട്ടുണ്ട്. 690 ഇലക്ട്രിക് ബസുകളടക്കം ഒരു വർഷത്തിനുള്ളിൽ 1783 ബസുകൾ വാങ്ങാനുദ്ദേശിക്കുന്നുണ്ട്. തിരുവനന്തപുരം സിറ്റി സർക്കുലർ സർവ്വീസിനായി 50 ബസുകൾ വാങ്ങുകയും 132 ഡീസൽ ബസുകൾക്കുള്ള പർച്ചേസ് ഓർഡർ നൽകുകയും സ്മാർട്ട് സിറ്റി പദ്ധതിയിൽ 125 ഇലക്ട്രിക് ബസുകൾ വാങ്ങാൻ ഇ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളക്കുടിശ്ശികയില്ല. സമയബന്ധിതമായി ശമ്പളം വിതരണം ചെയ്യാൻ നിർദ്ദേശം നൽകുന്നതാണ്.

## III. സബ്മിഷൻ

1) <u>കൊക്കയാർ, കൂട്ടിക്കൽ, നിലമ്പൂർ എന്നിവിടങ്ങളിലെ പുനരധിവാസ നടപടികൾ</u>

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): പ്രകൃതിദുരന്തമുണ്ടായ കൊക്കയാർ, കൂട്ടിക്കൽ, നിലമ്പൂർ എന്നിവിടങ്ങളിലെ പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുന്നതിനും കൂട്ടിക്കൽ-ഏന്തയാർ ഈസ്റ്റ് പാലം പുനർനിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ദേശീയ ദുരന്ത നിവാരണ നിധിക്കുപുറമെ മുഖ്യമന്ത്രിയുടെ പ്രത്യേക നിധിയിൽ നിന്നുകൂടി തുക ചെലവഴിച്ചാണ് കൊക്കയാർ, കൂട്ടിക്കൽ, നിലമ്പൂർ എന്നീവിടങ്ങളിലെ പ്രകൃതിദുരന്ത ബാധിതർക്ക് സഹായം നൽകിയത്. പ്രകൃതിക്ഷോഭത്തിൽ തകരുന്ന പാലങ്ങളുടെ പുനർനിർമ്മാണത്തിന് എൻ.ഡി.ആർ.എഫ്.-ൽനിന്നും തുക അനുവദിക്കുന്നില്ല. പ്രത്യേക പാക്കേജ് തയ്യാറാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## 2) പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: വിദേശത്ത് തൊഴിൽചെയ്ത് തിരികെയെത്തുന്ന പ്രവാസികൾക്ക് നോർക്കയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): പ്രവാസി ക്ഷേമനിധിയിൽ അംഗത്വം ലഭിക്കുന്നതിനുള്ള പ്രായപരിധി 60 വയസ്സായി ഉയർത്തിയിട്ടുണ്ട്. മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസം ലക്ഷ്യമിട്ട് NDPREM, പ്രവാസി ഭദ്രത പദ്ധതികൾക്ക് 2022-23 സാമ്പത്തിക വർഷം 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിദേശത്ത് രണ്ട് വർഷം തൊഴിൽ ചെയ്ത് തിരികെയെത്തുന്ന എല്ലാ പ്രവാസികൾക്കും വരുമാനപരിധി കണക്കാക്കാതെ പദ്ധതികളുടെ ഗുണഭോക്താക്കളാകാവുന്നതാണ്. സാന്ത്വന സമാശ്വാസ പദ്ധതിക്ക് മാത്രമാണ് കാലയളവ് ഏർപ്പെടുത്തിയിട്ടുള്ളത്. അർഹതാ മാനദണ്ഡം ഭേദഗതി ചെയ്ത് വാർഷിക വരുമാനപരിധി ഒന്നര ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുള്ളതിനാൽ നിലവിലുള്ള നിബന്ധനകളിൽ ഇളവുനൽകുന്ന കാര്യം പരിഗണനയിലില്ല.

(3) ഇലഞ്ഞിക്കോട് ഗാന്ധിപ്രതിമ തകർക്കപ്പെട്ട സംഭവം

ശ്രീ. പി. സി. വിഷ്ണുനാഥ്: എഴുകോൺ ഇലഞ്ഞിക്കോട് ജംഗ്ഷനിലെ ഗാന്ധിപ്രതിമ തകർത്തവർക്കെതിരെ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): 11-11-2022-ൽ കൊല്ലം

എഴുകോൺ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ഇലഞ്ഞിക്കോട് ഗാന്ധിപ്രതിമ തകർത്ത സംഭവത്തിൽ വിവിധ വകുപ്പുകൾ പ്രകാരം പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും രണ്ടുപേരെ ചോദ്യം ചെയ്യുകയും ചെയ്തിട്ടുണ്ട്. കേസന്വേഷണം ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്.

(4) ഓൺലൈൻ നികുതി അടയ്ക്കൽ

ശ്രീമതി ശാന്തകുമാരി കെ.: കോങ്ങാട് നിയോജകമണ്ഡലത്തിലെ പാലക്കയം വില്ലേജിൽ ഓൺ ലൈനായി ഭൂനികുതി അടയ്ക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): മണ്ണാർക്കാട് താലൂക്കിലെ പാലക്കയം വില്ലേജ് അൺ സർവ്വേയ്ഡ് വില്ലേജാണ്. അവിടെ B.T.R.-നുപകരം A&B രജിസ്റ്ററാണുള്ളത്. പട്ടയം അനുവദിച്ചിട്ടുള്ള എല്ലാ കേസ്സുകളും അടിയന്തരമായി സർവ്വേ ചെയ്ത് കൈവശം തിട്ടപ്പെടുത്തി പുതിയ സബ് ഡിവിഷൻ നൽകി ReLIS-ൽ ഉൾപ്പെടുത്തി കരം സ്വീകരിക്കുന്നതിനുള്ള നടപടിയെടുത്തുവരികയാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്നതുവരെ ഓഫ് ലൈനായി കരം സ്വീകരിക്കുന്നതിന് പ്രത്യേകാനുമതി നൽകുന്നകാര്യം പരിശോധിക്കുന്നതാണ്.

## (5) വാമനപുരം മണ്ഡലത്തിലെ റീ സർവ്വേ നടപടികൾ

ശ്രീ. ഡി. കെ. മുരളി: വാമനപുരം മണ്ഡലത്തിലെ റീ സർവ്വേ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും അദാലത്ത് നടത്തി പരാതികൾ പരിഹരിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർവ്വേയർമാരുടെ എണ്ണം വർദ്ധിപ്പിച്ച് പുറമ്പോക്ക് ഭൂമി അളന്ന് തിരിക്കുന്നത് വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. പാങ്ങോട്-വാമനപുരം വില്ലേജുകളിലെ റീ സർവ്വേ പരാതികൾ പരിഹരിക്കാൻ അദാലത്ത് നടത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (6) ആയിരവല്ലി പാറ ഖനനം

ശ്രീ. പി. എസ്. സുപാൽ: ആയിരവല്ലി പാറ ഖനനത്തിന് നൽകിയ എൻ.ഒ.സി. റദ്ദാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കേരള സ്റ്റേറ്റ് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിന്റെ നിർദ്ദേശപ്രകാരമാണ് ആയിരവല്ലി പാറ ഖനനത്തിന് അനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത വിഷയത്തിന്മേൽ കളക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

### (7) നിർമ്മിതി കേന്ദ്രങ്ങളുടെ ഏകോപനം

ശ്രീ. ജി. സ്റ്റീഫൻ: നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സംസ്ഥാന/ജില്ലാ നിർമ്മിതി കേന്ദ്രങ്ങളെ ഏകോപിപ്പിച്ച് പൊതു നിയമവ്യവസ്ഥയിൽ സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള സ്ഥാപനമാക്കി മാറ്റുന്ന കാര്യം ആലോചിക്കുന്നതാണ്.

### (8) നിരാക്ഷേപപത്രം

ശ്രീ. എ. രാജ: മൂന്നാർ പ്രദേശത്ത് കെട്ടിട നിർമ്മാണത്തിനും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും റവന്യൂ വകുപ്പിന്റെ നിരാക്ഷേപപത്രം വേണമെന്ന നിബന്ധന പുന:പരിശോധിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഹൈക്കോടതി ഉത്തരവിനെത്തുടർന്നാണ് പ്രസ്തുത നിബന്ധനയുണ്ടായിരിക്കുന്നത്. ഇക്കാര്യം പരിഹരിക്കുന്നതിനായി നിയമത്തിലും ചട്ടത്തിലും ഭേദഗതി വരുത്താനാണ് ഉദ്ദേശിക്കുന്നത്; അതിനാവശ്യമായ ചർച്ചകൾ കാലതാമസമില്ലാതെ നടത്തുന്നതാണ്.

## (9) സീതാർകുണ്ട് മിനി ഡൈവേർഷൻ സ്കീം

ശ്രീ. കെ. ബാബു (നെന്മാറ): നെന്മാറ നിയോജകമണ്ഡലത്തിൽ കാർഷിക ജലസേചനത്തിനും കുടിവെള്ളത്തിനുമായി സീതാർകുണ്ട് ഡൈവേർഷൻ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സീതാർകുണ്ട് ഡൈവേർഷൻ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്.

## (10) വന്യജീവി ആക്രമണം

ശ്രീ. എ. പ്രഭാകരൻ: മലമ്പുഴ നിയോജകമണ്ഡലത്തിലെ വന്യജീവി ആക്രമണത്തിൽ നിന്നും ജനങ്ങളെയും കൃഷിയെയും സംരക്ഷിക്കുന്നതിനും ഫോറസ്റ്റ് സ്റ്റേഷൻ ആരംഭിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): വന്യജീവി ആക്രമണം തടയുന്നതിന് ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഫോറസ്റ്റ് സ്റ്റേഷൻ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(11) മണ്ണാർക്കാട് മണ്ഡലത്തിൽ റാപ്പിഡ് റെസ്പോൺസ് ടീം

ശ്രീ. എൻ. ഷംസുദ്ദീൻ: മണ്ണാർക്കാട് മണ്ഡലത്തിൽ ആനയുടെ ആക്രമണം തടയുന്നതിനായി വേലി നിർമ്മാണത്തിന് പ്രത്യേക ഫണ്ട് അനുവദിക്കാനും റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിക്കാനും നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സൗരോർജ്ജ വേലി നിർമ്മാണം വേഗത്തിൽ പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ധനകാര്യ വകുപ്പിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ആർ.ആർ.ടി. രൂപീകരിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.

(12) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ വന്യമൃഗശല്യം

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ വന്യമൃഗശല്യം തടയുന്നതിന് ഫോറസ്റ്റ് സ്റ്റേഷൻ അനുവദിക്കാനും റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിക്കാനും നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് ഫോറസ്റ്റ് സ്റ്റേഷനും റാപ്പിഡ് റെസ്പോൺസ് ടീമും അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(13) നടുവിൽ ഗവൺമെന്റ് പോളിടെക്നിക്കിന്റെ പ്രവർത്തനം

ശ്രീ. സജീവ് ജോസഫ്: കണ്ണൂർ ജില്ലയിലെ നടുവിൽ ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിന്റെ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): കണ്ണൂർ ജില്ലയിലെ നടുവിൽ പോളിടെക്നിക്ക് കോളേജ് ആരംഭിക്കുന്നതിന് ഭരണാനുമതി ലഭിച്ചെങ്കിലും എ.ഐ.സി.ടി.ഇ.-യുടെ അംഗീകാരം ഇതുവരെ ലഭ്യമായിട്ടില്ല.

(14) റീബിൽഡ് കേരള പദ്ധതി പ്രവർത്തനങ്ങൾ

ശ്രീമതി കെ. കെ. രമ: വടകര നിയോജകമണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികളുടെ രൂപരേഖ തയ്യാറാക്കുന്നതിന് പാർട്ട് ടി.എസ്. നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): വടകര നഗരസഭയുടെ പുതിയ ബസ് സ്റ്റാന്റ് നവീകരണ പ്രവൃത്തിക്ക് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി 2.5 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ബസ് സ്റ്റാന്റ് വികസനത്തിന്റെ രൂപരേഖ തയ്യാറാക്കുന്നതിനായി GITPAC-നെ

ചുമതലപ്പെടുത്തിയിട്ടുണ്ട്. പണച്ചെലവുള്ള പ്രാഥമിക പ്രവൃത്തികൾക്ക് പാർട്ട് ടി.എസ്. നൽകി പണം അനുവദിക്കുന്ന കാര്യം ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

(15) ശ്രീചട്ടമ്പിസ്വാമി സ്മാരക നിർമ്മാണം

ശ്രീ. ഐ. ബി. സതീഷ്: കാട്ടാക്കട നിയോജകമണ്ഡലത്തിലെ മച്ചേൽ പ്രദേശത്ത് ശ്രീചട്ടമ്പിസ്വാമിക്ക് സ്മാരകം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): കാട്ടാക്കട മണ്ഡലത്തിലെ മച്ചേൽ പ്രദേശത്ത് ശ്രീചട്ടമ്പിസ്വാമി സ്മാരകം പണിയുന്നതിന് 33,09,349/- രൂപ പൊന്നുംവില നൽകി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അധികമായി വേണ്ടിവരുന്ന തുകകൂടി വകയിരുത്തി ഭൂമി ഏറ്റെടുത്ത് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(16) വടക്കാഞ്ചേരിയിൽ കേപ്പ് എഞ്ചിനീയറിംഗ് കോളേജ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ കേപ്പ് എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സഞ്ചാരയോഗ്യമായ റോഡില്ലാത്തത് പുതുതായി പണിത കെട്ടിടത്തിൽ കോളേജ് അനുവദിക്കുന്നതിന് തടസ്സമായിരിക്കുകയാണ്. സൗകര്യപ്രദമായ റോഡ് ലഭ്യമാകുന്നമുറയ്ക്ക് നൈപുണ്യ വികസന വകുപ്പുമായി ചേർന്ന് തുടർനടപടികൾ സ്വീകരിക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്.

(17) മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ

ശ്രീ. സജി ചെറിയാൻ: ഗുരുതരമായ Fanconi anemia രോഗത്തിനുള്ള മജ്ജ മാറ്റിയ്ക്കൽ ശസ്ത്രക്രിയ മെഡിക്കൽ കോളേജുകളിൽ നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ മലബാർ മെഡിക്കൽ കോളേജിൽ എല്ലാ പ്രായക്കാർക്കും തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ മുതിർന്നവർക്കും നടത്തുന്നുണ്ട്. റീജിയണൽ കാൻസർ സെന്ററിൽ കുട്ടികൾക്കുവേണ്ടിയുള്ള ശസ്ത്രക്രിയ നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ആരോഗ്യ കിരണം പദ്ധതിപ്രകാരം 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ഈ സേവനം പൂർണ്ണമായും സൗജന്യമാണ്.

(18) ആശ്വാസ കിരണം പദ്ധതി

ശ്രീ. പി. ഉബൈദുള്ള: ആശ്വാസ കിരണം പദ്ധതിപ്രകാരമുള്ള അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കുന്നതിനും കുടിശ്ശിക വിതരണം ചെയ്യുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): ആശ്വാസ കിരണം പദ്ധതിപ്രകാരം 2021-2022 സാമ്പത്തിക വർഷം 40 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം 42.5 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും 34965 ഗുണഭോക്താക്കൾക്ക് ധനസഹായം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(19) ഷോപ്പ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. എം. രാജഗോപാലൻ: കടകളിലും വാണിജ്യസ്ഥാപനങ്ങളിലും ജോലി ചെയ്യുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഇരിപ്പിടാവകാശം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ കർശനനടപടി സ്വീകരിക്കുന്നതാണ്.

## (20) സ്കൂൾ കലോൽസവങ്ങൾ

ഡോ. മാത്യു കുഴൽനാടൻ: സ്കൂൾ കലോത്സവങ്ങൾ സുതാര്യമായി നടത്തുന്നതിന് നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): കേരള സ്കൂൾ കലോത്സവ മാന്വൽ പ്രകാരമാണ് സ്കൂൾ കലോത്സവങ്ങൾ നടത്തുന്നത്. സംസ്ഥാനതല കലോത്സവങ്ങളുടെ ജഡ്ജസിനെ രഹസ്യമായാണ് നിശ്ചയിക്കുന്നത്. കലോത്സവങ്ങൾ കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (21) സ്കൂൾ മൈതാനങ്ങൾ കായിക പരിശീലനത്തിനും വിനോദത്തിനും അനുവദിക്കൽ

ശ്രീ. വി. കെ. പ്രശാന്ത്: സ്കൂൾ മൈതാനങ്ങൾ യുവജനങ്ങൾക്ക് കായിക പരിശീലനത്തിനും വിനോദങ്ങൾക്കുമായി തുറന്നുകൊടുക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സുരക്ഷയുമായി ബന്ധപ്പെട്ട വിഷയമായതിനാൽ സ്കൂൾ മൈതാനങ്ങൾ യുവജനങ്ങൾക്ക് കായികപരിശീലനത്തിനായി തുറന്നുകൊടുക്കുന്ന കാര്യം പരിഗണനയിലില്ല. വിശദമായ പഠനം നടത്തിയതിനുശേഷം ഇതുസംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

(22) ആസ്ട്രോ ടൂറിസം പദ്ധതി

ശ്രീ. ടി. ഐ. മധുസൂദനൻ: പയ്യന്നൂർ നഗരസഭയിലെ എച്ചിലാം വയൽ വാനനിരീക്ഷണ കേന്ദ്രം ആസ്ട്രോ ടൂറിസം പദ്ധതിയുടെ ഭാഗമായി വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 9.98 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. പയ്യന്നൂർ നഗരസഭാ പരിധിയിലെ വെള്ളൂർ വില്ലേജിൽ 90 സെന്റ് സ്ഥലം ടൂറിസം വകുപ്പിന് വിട്ടുനൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് പയ്യന്നൂർ നഗരസഭയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ പ്രായോഗിക വശങ്ങൾ പരിശോധിച്ചുവരികയാണ്.

(23) ഏരൂർ-വൈറ്റില, പെരുമ്പടപ്പ്-കുമ്പളങ്ങി റോഡ് വീതി കൂട്ടൽ

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): ഏരൂർ-വൈറ്റില റോഡും പെരുമ്പടപ്പ്-കുമ്പളങ്ങി റോഡും വീതി കൂട്ടുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ഏരൂർ-വൈറ്റില റോഡിന് പത്ത് കോടി രൂപയുടെ ഭരണാനുമതി നൽകി ഇൻവെസ്റ്റിഗേഷൻ നടപടികൾ

പുരോഗമിച്ചുവരുന്നുണ്ട്. പെരുമ്പടപ്പ്-കുമ്പളങ്ങി റോഡിന്റെ വികസനത്തിനായി 8,42,72,590 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത റോഡിന്റെ പുതുക്കിയ അലൈൻമെന്റിന് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുന്നതാണ്.

(24) കുറ്റ്യാടി-നാദാപുരം-പെരിങ്ങത്തൂർ-മേക്കുന്ന്-കണ്ണൂർ എയർപോർട്ട് റോഡ്

ശ്രീ. ഇ. കെ. വിജയൻ: കുറ്റ്യാടി-നാദാപുരം-പെരിങ്ങത്തൂർ-മേക്കുന്ന്-കണ്ണൂർ എയർപോർട്ട് റോഡിന്റെ അലൈൻമെന്റുമായി ബന്ധപ്പെട്ട് മന്ത്രിതല യോഗം ചേർന്ന് അന്തിമ തീരുമാനമുണ്ടാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): മുഖ്യമന്ത്രിയുടെ മുൻഗണനാ പദ്ധതിയിൽപ്പെട്ട പ്രസ്തുത റോഡിന്റെ കാര്യത്തിൽ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.

(25) സുൽത്താൻബത്തേരി സർക്കാർ ഗസ്റ്റ് ഹൗസ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സുൽത്താൻ ബത്തേരി സർക്കാർ ഗസ്റ്റ് ഹൗസിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സുൽത്താൻ ബത്തേരി സർക്കാർ ഗസ്റ്റ് ഹൗസിന്റെ മൂന്നാംഘട്ട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(26) കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിന്റെ സംരക്ഷണ ഭിത്തി, ഡ്രെയിനേജ്, കലുങ്കുകൾ എന്നിവയുടെ നിർമ്മാണം പൂർത്തീകരണഘട്ടത്തിലാണ്. ഫോർമേഷൻ പ്രവൃത്തികൾക്ക് തടസ്സമായിരിക്കുന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റി സമർപ്പിച്ച എസ്റ്റിമേറ്റും റോഡ് പ്രവൃത്തിക്കുള്ള റിവൈസ്ഡ് എസ്റ്റിമേറ്റും പരിശോധിച്ചുവരുന്നു. യൂട്ടിലിറ്റി ഷിഫ്റ്റിംഗിനായി 49,20,200 രൂപ കെ.എസ്.ഇ.ബി-ക്ക് അടച്ചിട്ടുണ്ട്.

അമ്പലപ്പറമ്പ് മുതൽ കഞ്ഞിപ്പുര വരെയുള്ള ഭാഗത്ത് ജി.എസ്.എം. ഡബ്ല്യു.എം.എം. പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ ഭാഗത്ത് ടാറിംഗ് പ്രവൃത്തി ചെയ്യുന്നതിനായി കരാറുകാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(27) കുരീപ്പുഴ-മങ്ങാട് വെഹിക്കുലർ അണ്ടർപാസ്സ് നിർമ്മാണം

ശ്രീ. എം. മുകേഷ്: ദേശീയപാത വികസന പദ്ധതിയുടെ അപാകതമൂലം ബുദ്ധിമുട്ട് നേരിടേണ്ടിവരുന്ന കൊല്ലം ജില്ലയിലെ കുരീപ്പുഴ-മങ്ങാട് പ്രദേശങ്ങളിൽ വെഹിക്കുലർ അണ്ടർ പാസ്സ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രായോഗികത കണക്കിലെടുത്ത് അണ്ടർപാസ്സ് നിർമ്മിക്കുന്നകാര്യം പരിഗണിക്കുന്നതാണെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(28) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കൽ

ഡോ. സുജിത് വിജയൻപിള്ള: ദേശിയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് ചവറ നിയോജകമണ്ഡലത്തിലെ കന്നേറ്റി മുതൽ കാവനാട് വരെ ദേശീയപാതയുടെ ഇരുവശവുമുള്ള വാട്ടർ അതോറിറ്റി പൈപ്പ് ലൈനുകൾ

മാറ്റി സ്ഥാപിക്കുന്നതിനും വെള്ളക്കെട്ടിന് ശാശ്വത പരിഹാരമുണ്ടാക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ജലവിതരണ പൈപ്പ്ലൈൻ മാറ്റുന്ന പ്രവൃത്തി NHAI-യുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് ഭാവിയിൽ ഇത്തരം പ്രശ്നങ്ങളുണ്ടാകാതിരിക്കാൻ ജല അതോറിറ്റിയുമായി സഹകരിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

(29) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ പ്രവർത്തനം

ശ്രീ. കെ. ആൻസലൻ: നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ വിവിധ വിഭാഗം ഡോക്ടർമാരുടെ കുറവ് പരിഹരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഡോക്ടർമാരുടെ കൂടുതൽ തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(30) ബി.പി.എൽ. റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം

ശ്രീ. നജീബ് കാന്തപുരം: മുൻഗണനാ റേഷൻ കാർഡ് സറണ്ടർ ചെയ്യുന്നവർക്ക് ഫൈൻ ഒഴിവാക്കി നൽകുകയും നിലവിലെ ബി.പി.എൽ.

ലിസ്റ്റിൽ ഉൾപ്പെട്ടവരെ അടുത്ത സർവ്വേ നടക്കുന്നതുവരെ തുടരാൻ അനുവദിക്കുകയും ചെയ്യണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): മുൻഗണനാ റേഷൻകാർഡുമായി ബന്ധപ്പെട്ട് ഉന്നയിച്ച വിഷയത്തിന്മേൽ ആവശ്യമായ നടപടിയെടുക്കാൻ നിർദ്ദേശം നൽകുന്നതാണ്. ജനസംഖ്യാടിസ്ഥാനത്തിൽ മുൻഗണനാ കാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടില്ല.

(31) മുൻഗണനാ പട്ടികയിലെ അപാകത

ശ്രീ. കുറുക്കോളി മൊയ്തീൻ: സാങ്കേതിക തകരാറുമൂലം മുൻഗണനാ കാർഡുകൾ സറണ്ടർ ചെയ്യുന്ന നടപടി പൂർത്തിയാക്കാൻ കഴിയാതിരുന്നവരിൽനിന്ന് പിഴ ഈടാക്കുന്നത് ഒഴിവാക്കുന്നതിനും നിത്യരോഗികളുള്ള കുടുംബങ്ങളെയും 1000 സ്ക്വയർ ഫീറ്റുവരെ വിസ്തീർണ്ണമുള്ള വീടുകളുള്ളവരെയും പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): മുൻഗണനാ കാർഡുകൾ നിശ്ചിത കാലയളവിനുള്ളിൽ സ്വമേധയാ സറണ്ടർ

ചെയ്തവരിൽനിന്ന് പിഴ ഈടാക്കിയിട്ടില്ല. മുൻഗണനാ വിഭാഗത്തിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് പ്രവാസികളുടേതുൾപ്പെടെ അർഹരായ കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(32) ചേലാട് സ്റ്റേഡിയം നിർമ്മാണം

ശ്രീ. ആന്റണി ജോൺ: ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മാണം അടിയന്തരമായി ആരംഭിക്കണം.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): 17.14 കോടി രൂപയുടെ സാങ്കേതികാനുമതി ലഭിച്ച ചേലാട് സ്റ്റേഡിയം നിർമ്മാണത്തിന് അനുവദനീയമായ നിരക്കിൽ പ്രവൃത്തി ഏറ്റെടുക്കാൻ ആരും തയ്യാറാകാത്തതിനെത്തുടർന്ന് 2021-ൽ ഡി.പി.ആർ. പുതുക്കി റീ-ടെണ്ടർ ചെയ്തെങ്കിലും പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല. സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് എസ്.പി.വി.-യായ കിറ്റ്കോയുമായി ചർച്ച നടത്തി ആവശ്യമായ തീരുമാനമെടുക്കുന്നതും പ്രവൃത്തി ആരംഭിക്കാൻ കഴിയില്ലെങ്കിൽ അവരെ ഒഴിവാക്കുന്ന കാര്യം പരിഗണിക്കുന്നതുമാണ്.

## IV. മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ ഇനം 3, ലിസ്റ്റ് 1, ലിസ്റ്റ് 2 (ചട്ടം 47(2)) പ്രകാരമുള്ള കടലാസ്സുകൾ മേശപ്പുറത്തു വച്ചു.

## V. നിയമനിർമ്മാണകാര്യം

**സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും**

**(i) 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ**

**(ii) 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ**

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ, 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. രാജീവ്: ബില്ലുകളുടെ അവതരണവേളയിൽ സഭയിൽ ഉയർന്നുവന്ന തടസ്സവാദങ്ങളും ബിൽ ഫ്രെയിം ചെയ്യുന്ന ഘട്ടത്തിലുണ്ടായ ഹൈക്കോടതി വിധിയും പരിഗണിച്ചാണ് വൈസ് ചാൻസലറുടെ അഭാവത്തിൽ ചാൻസലർ പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച് വി.സി.-യുടെ ചുമതല നിർവ്വഹിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്ന ഭേദഗതി ബില്ലിൽ ഉൾപ്പെടുത്തിയത്. ബില്ലുകൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): വിയോജിപ്പ് രേഖപ്പെടുത്തുന്നു. ബില്ലിന്റെ അവതരണവേളയിൽ പ്രതിപക്ഷം ഉന്നയിച്ച ലീഗൽ ഒബ്ജക്ഷൻ സബ്ജക്ട് കമ്മിറ്റി അംഗീകരിച്ചതിനെ സ്വാഗതം ചെയ്യുന്നു. സുപ്രീംകോടതി വിധിയിൽ പറയുന്നത് കേന്ദ്രനിയമവും സംസ്ഥാന നിയമവും തമ്മിൽ വിയോജിപ്പുണ്ടായാൽ കേന്ദ്രനിയമമായിരിക്കും prevail ചെയ്യുന്നതെന്നാണ്; എന്നാൽ സംസ്ഥാന നിയമത്തിന് വിരുദ്ധമായി യു.ജി.സി. നോട്ടിഫിക്കേഷൻ വന്നാൽ അത് നിലനിൽക്കുകയില്ല. സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ വൈസ് ചാൻസലർമാർ സ്ഥാനം ഒഴിയണമെന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിച്ചത്. വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് നടപടിക്രമങ്ങളിലൂടെ വീണ്ടും നിയമനം

നൽകുന്നതിൽ പ്രതിപക്ഷത്തിന് എതിർപ്പില്ല. രാഷ്ട്രീയതാൽപ്പര്യമനുസരിച്ച് നിയമനം നടത്താൻ രൂപപ്പെടുത്തിയ നിയമത്തോട് യോജിക്കാൻ കഴിയില്ല. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചാൻസലർമാരെ നിയമിക്കുമ്പോൾ വിവിധ സർവ്വകലാശാലകളിലെ പ്രോ-ചാൻസലർമാരായ മുഖ്യമന്ത്രിയും മന്ത്രിമാരും ചാൻസലർമാരുടെ കീഴിലാകുകയും ഇത് പ്രോട്ടോക്കോൾ പ്രശ്നം സൃഷ്ടിക്കുകയും ചെയ്യും. സുപ്രീംകോടതിയിലെ ജഡ്ജി ആയിരുന്നതോ കേരള ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ് ആയിരുന്നതോ ആയ ഒരു വ്യക്തിയെ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഹൈക്കോടതി ചീഫ് ജസ്റ്റിസും ഉൾപ്പെടുന്ന സെലക്ഷൻ കമ്മിറ്റിയുടെ ഭൂരിപക്ഷ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 14 സർവ്വകലാശാലകളുടെയും ചാൻസലറായി നിയമിക്കണം. NUALS-ലെ ചാൻസലർ നിയമനത്തിന് നിലവിലുള്ള രീതി പിന്തുടരണം.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സർക്കാരിന്റെ ഭരണനിർവ്വഹണ അധികാരങ്ങളിൽ ഗവർണർ ഇടപെടുന്നത് ശരിയായ നടപടിയല്ല. സർവ്വകലാശാലകളുടെ ചാൻസലർ സ്ഥാനത്തുനിന്ന് ഗവർണറെ നീക്കംചെയ്യണമെന്ന അഭിപ്രായത്തോട് പ്രതിപക്ഷവും യോജിക്കുന്നു. സർവ്വകലാശാലാ ഭരണത്തിൽ പ്രതിപക്ഷത്തെ

അവഗണിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. ഉന്നത വിദ്യാഭ്യാസമേഖലയുടെ നിലവാരം ഉയർത്താൻ നടപടി സ്വീകരിക്കണം. സർവ്വകലാശാലാ നിയമനങ്ങളിൽ രാഷ്ട്രീയക്കാരെ തിരുകിക്കയറ്റുന്ന രീതി അവസാനിപ്പിക്കണം. നിഷ്പക്ഷ നിലപാട് സ്വീകരിക്കുന്ന ഒരു വ്യക്തിയെ 14 സർവ്വകലാശാലകളുടെയും ചാൻസലറായി നിയമിക്കണം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേരളത്തിന്റെ രാഷ്ട്രീയ-മതനിരപേക്ഷ-സാമൂഹിക അന്തരീക്ഷത്തെ തകർക്കുന്ന പ്രവർത്തനങ്ങളാണ് ഗവർണർ നടത്തിയത്. സർവ്വകലാശാലകളിലെ രാഷ്ട്രീയ അതിപ്രസരവും ക്രമവിരുദ്ധ നിയമനങ്ങളും ചാൻസലർ-സർക്കാർ അധികാരത്തർക്കങ്ങളുംമൂലം സർവ്വകലാശാലകളുടെ അക്കാദമിക യശസ്സ് നഷ്ടപ്പെടുന്ന അവസ്ഥയാണുള്ളത്. സർവ്വകലാശാലകളിലെ രാഷ്ട്രീയ അതിപ്രസരം ഒഴിവാക്കി ഉന്നതവിദ്യാഭ്യാസ മേഖല ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ചാൻസലർ സ്ഥാനത്തുനിന്നും ഗവർണറെ മാറ്റുന്നതിനെ സ്വാഗതം ചെയ്യുന്നു. ചാൻസലർക്ക് പകരം വിദ്യാഭ്യാസ വിദഗ്ധനെ നിയമിക്കുമെന്ന വാദം

പ്രായോഗികമല്ല. ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ അധിക ചെലവ് ഉണ്ടാകില്ലെന്ന് പറയുമ്പോഴും ചാൻസലർമാർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുമ്പോൾ സാമ്പത്തിക ബാദ്ധ്യതയുണ്ടാകും. മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള സാങ്കേതിക സർവ്വകലാശാലാ വൈസ് ചാൻസലർ നിയമനത്തെത്തുടർന്ന് മറ്റ് സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാർ രാജിവയ്ക്കേണ്ട സാഹചര്യത്തിലാണ് ഇത്തരത്തിലൊരു ബിൽ അവതരിപ്പിച്ചത്. നിരവധി അഭ്യസ്തവിദ്യർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് ജോലിക്കായി കാത്തിരിക്കുമ്പോൾ പിൻവാതിൽ നിയമനം നടത്തുന്നത് അപലപനീയമാണ്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഉന്നതസ്ഥാനങ്ങളിലുള്ള നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കണം.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഗവർണറെ ചാൻസലർ സ്ഥാനത്തുനിന്നും മാറ്റുന്നതിന് പ്രതിപക്ഷം പിന്തുണ നൽകുന്നുണ്ട്. സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലർ നിയമനത്തിലുൾപ്പെടെ കോടതിവിധി വന്നിരിക്കുകയാണ്. സ്വന്തക്കാരെയും പാർട്ടിക്കാരെയും തിരുകിക്കയറ്റാനുള്ള കേന്ദ്രങ്ങളായി സർവ്വകലാശാലകളെ മാറ്റിയാൽ ശക്തമായ പ്രതിഷേധമുണ്ടാകും. കൃത്യമായ മാനദണ്ഡങ്ങൾ

പാലിക്കാതെ കൊച്ചിൻ യൂണിവേഴ്സിറ്റി അദ്ധ്യാപക നിയമനം നടത്തിയ റിപ്പോർട്ടുകൾ പുറത്തുവന്നിട്ടുണ്ട്. കെ. ആർ. നാരായണൻ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ ജാതി വിവേചനം നടക്കുന്നുവെന്ന പരാതിയിൽ അന്വേഷണം നടത്തി അടിയന്തര നടപടി സ്വീകരിക്കണം. സർവ്വകലാശാലകളുടെ വിശ്വാസ്യത വീണ്ടെടുക്കാനും ഉന്നത വിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കാനും നടത്തുന്ന പോരാട്ടമാണിത്.

ശ്രീ. അനൂപ് ജേക്കബ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഉന്നതവിദ്യാഭ്യാസരംഗം പ്രതിസന്ധിഘട്ടത്തിലൂടെ കടന്നുപോകുകയാണ്. ചാൻസലർ സ്ഥാനത്തുനിന്നും ഗവർണറെ മാറ്റി പുതിയ ചാൻസലറെ നിയമിക്കുമ്പോഴുള്ള അവ്യക്തതകളാണ് പ്രതിപക്ഷം ചൂണ്ടിക്കാണിക്കുന്നത്. ചാൻസലറുടെ വിദ്യാഭ്യാസ യോഗ്യത, പ്രായപരിധി, സൗകര്യങ്ങൾ തുടങ്ങിയവ ബില്ലിൽ പ്രതിപാദിക്കുന്നില്ല. വൈസ് ചാൻസലറോടൊപ്പം നിയമിക്കുന്ന പ്രോ വൈസ് ചാൻസലറുടെ കാലാവധി ഒരുമിച്ച് അവസാനിക്കുന്ന സാഹചര്യത്തിൽ വൈസ് ചാൻസലറുടെ താൽക്കാലിക ചുമതല പ്രോ വൈസ് ചാൻസലർക്ക് നൽകുമെന്ന് പറയുന്നത് പ്രായോഗികമല്ല. വിദ്യാഭ്യാസ സമ്പ്രദായത്തിൽ കാലോചിതമായ മാറ്റം വരുത്തേണ്ടതുണ്ട്. പ്രസ്തുത ബിൽ വിദ്യാഭ്യാസരംഗത്ത് പ്രതിസന്ധിയും

പ്രശ്നങ്ങളും സൃഷ്ടിക്കുമെന്നുള്ളതിനാൽ പ്രായോഗിക സമീപനം സ്വീകരിച്ചുകൊണ്ട് വിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കാനുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം.

ശ്രീ. കുറുക്കോളി മൊയ്തീൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സർവ്വകലാശാലകളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്താനോ വൈജ്ഞാനികതലം വികസിപ്പിക്കാനോ ഉതകുന്നതരത്തിലുള്ള ഭേദഗതികളല്ല ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സർവ്വകലാശാലകളുടെ സ്വയംഭരണാധികാരത്തെ സർക്കാരിന്റെ നിയന്ത്രണത്തിലാക്കാനാണ് ശ്രമിക്കുന്നത്. ചാൻസലർക്കുണ്ടായിരുന്ന അധികാരം പ്രോ-ചാൻസലർക്ക് നൽകുന്നതിലൂടെ ചാൻസലറുടെ നിയമനാധികാരിയായ മന്ത്രി, ചാൻസലർ ഡെലിഗേറ്റ് ചെയ്തുനൽകുന്ന അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കാൻ ബാധ്യസ്ഥനായിത്തീരും. ഉന്നത വിദ്യാഭ്യാസരംഗത്തെ നിലവാരത്തകർച്ചമൂലം ദേശീയ-അന്തർദേശീയ റാങ്കിംഗിൽ ഇടം നേടാൻ സംസ്ഥാനത്തിന് സാധിക്കുന്നില്ല.

ശ്രീ. എ. പി. അനിൽ കുമാർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. 14 സർവ്വകലാശാലകൾക്കും ഓരോ ചാൻസലർമാർ എന്ന ഭേദഗതി അംഗീകരിക്കാൻ സാധിക്കില്ല. മാനദണ്ഡങ്ങൾ പാലിക്കാതെ

കൊണ്ടുവന്നിരിക്കുന്ന ഭേദഗതി ബില്ലിന് നിയമസാധുതയുണ്ടോയെന്ന കാര്യം പരിശോധിക്കപ്പെടേണ്ടതാണ്. 2019 മുതൽ 2021 വരെയുള്ള കാലിക്കറ്റ് സർവ്വകലാശാലയിലെ അദ്ധ്യാപക നിയമനങ്ങളിൽ സംവരണ അട്ടിമറി നടന്നിട്ടുണ്ടോയെന്ന് അന്വേഷിക്കാൻ തയ്യാറാകണം.

ശ്രീ. പി. കെ. ബഷീർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സർവ്വകലാശാലകളിലെ നിയമനങ്ങൾ പി.എസ്.സി.-വഴി നടത്താതെ താൽക്കാലികമായി നടത്തുന്നത് ആശാസ്യമല്ല. യോഗ്യത, പ്രായപരിധി എന്നിവ നിശ്ചയിക്കാതെ സർവ്വകലാശാലകളുടെ ചാൻസലർ പദവിയിലേയ്ക്ക് ബന്ധപ്പെട്ട മേഖലയിൽ നിന്നല്ലാതെ ഏതൊരാളിനെയും നിയോഗിക്കാവുന്ന തരത്തിലുള്ള വ്യവസ്ഥകളാണ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ചാൻസലറുടെ നിയമനാധികാരി മന്ത്രിയാകുമ്പോഴുണ്ടാകുന്ന അധികാരശ്രേണിയുടെ പ്രശ്നങ്ങൾ ഗൗരവമായി കാണണം.

ശ്രീമതി കെ. കെ. രമ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സർവ്വകലാശാലകളുടെ ഭരണം കൈപ്പിടിയിലൊതുക്കാനും പിൻവാതിൽ നിയമനം നടത്താനുമാണ് ഇത്തരമൊരു നിയമം കൊണ്ടുവന്നിട്ടുള്ളത്. അതത് സർവ്വകലാശാലകളുമായി ബന്ധമുള്ള വിഷയങ്ങളിൽ പ്രാവീണ്യം നേടിയവരെ ചാൻസലറായി നിയമിക്കണം. രാജ്യത്തെ ഉന്നത

വിദ്യാഭ്യാസരംഗം സ്വതന്ത്രവും സുതാര്യവുമായി നിലനിർത്തുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് സർവ്വകലാശാലകളുടെ ചാൻസലർ പദവി ഗവർണർക്ക് നൽകിയിരുന്നത്. സമസ്ത മേഖലകളിലും രാഷ്ട്രീയ അതിപ്രസരം കടന്നുവന്നതിലൂടെ സർവ്വകലാശാലകളിലെ ഉന്നത പദവിയിലേയ്ക്കുള്ള നിയമനങ്ങൾവരെ രാഷ്ട്രീയവൽക്കരിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. യു.ജി.സി. മാനദണ്ഡങ്ങൾ ലംഘിച്ച് സർക്കാർ നടത്തിയ നിയമനങ്ങളാണ് ഗവർണർ റദ്ദ് ചെയ്യുതും ഹൈക്കോടതി ശരിവയ്ക്കുകയും ചെയ്തിട്ടുള്ളത്. യോഗ്യതയുടെ അടിസ്ഥാനത്തിൽ വി.സി.-മാരെ നിയമിക്കാൻവേണ്ടിയുള്ള നിയമനിർമ്മാണമാണ് നടത്തേണ്ടത്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ചുമതലപ്പെടുത്തിയതുപ്രകാരം ഡോ. കെ. ടി. ജലീൽ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഗവർണറുടെ നേതൃത്വത്തിൽ സർവ്വകലാശാലകളെ കാവിവൽക്കരിക്കാനുള്ള കേന്ദ്ര നീക്കത്തിനെതിരെയാണ് ബിൽ കൊണ്ടുവന്നിട്ടുള്ളത്. ചാൻസലറെ തെരഞ്ഞെടുക്കാൻ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ഹൈക്കോടതി ചീഫ് ജസ്റ്റിസുമടങ്ങുന്ന സെർച്ച്

കമ്മിറ്റി രൂപീകരിക്കണമെന്ന അഭിപ്രായത്തോട് യോജിക്കുന്നില്ല. പ്രഗത്ഭരായ അക്കാഡമീഷ്യൻസിനെയോ ശാസ്ത്രജ്ഞരെയോ വ്യവസായ പ്രമുഖരെയോ ആണ് കേന്ദ്ര സർവ്വകലാശാലകളിലെ ചാൻസലർമാരായി നിയമിക്കുന്നത്. വിവിധ വിഷയങ്ങളിൽ പ്രാവീണ്യം നേടിയവരെയും ഉന്നത പദവികൾ അലങ്കരിച്ചിട്ടുള്ളവരെയുമാണ് ഇടതുപക്ഷ ഭരണകാലത്ത് സർവ്വകലാശാലകളുടെ വൈസ് ചാൻസലർമാരായി നിയമിച്ചിട്ടുള്ളത്.

<u>ശ്രീ. തോമസ് കെ. തോമസ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ-പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ പ്രവർത്തനം രാജ്യത്തിനാകെ മാതൃകയാണ്. സർവ്വകലാശാലകളുടെ മികവിനുവേണ്ടി ചെയ്യുന്ന പ്രവർത്തനങ്ങളെ വിമർശിക്കുന്ന പ്രതിപക്ഷ നിലപാട് അംഗീകരിക്കാൻ കഴിയില്ല. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ കാവിവത്കരിക്കാനുള്ള നീക്കം എതിർക്കപ്പെടേണ്ടതാണ്.

<u>ശ്രീ. റോജി എം. ജോൺ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം

നമ്പർ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ വിശ്വാസ്യത നഷ്ടപ്പെട്ടിരിക്കുകയാണ്. ഈ ബിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ക്രിയാത്മകമായ മാറ്റം കൊണ്ടുവരുന്നതിന് ഉതകുന്നതല്ല. ഉന്നത വിദ്യാഭ്യാസത്തിനായി ഇതര സംസ്ഥാനങ്ങളിലേയ്ക്കും വിദേശ രാജ്യങ്ങളിലേയ്ക്കും പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുന്നത് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ നിലവാരത്തകർച്ചയെയാണ് സൂചിപ്പിക്കുന്നത്.

ശ്രീ. പി. പി. സുമോദ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ഐ. ബി. സതീഷ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. രാജ്യത്തെ വിദ്യാഭ്യാസ മേഖലയിൽ ആർ.എസ്.എസ്. ആശയങ്ങൾക്ക് പ്രാമുഖ്യമുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയുള്ള നടപടികളാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് റാങ്കിംഗ് ഫ്രെയിംവർക്ക് റിപ്പോർട്ടിൽ സംസ്ഥാനത്തെ പല സർവ്വകലാശാലകളും ആദ്യ നൂറ് റാങ്കിനുള്ളിൽ ഉൾപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ

അഞ്ച് വർഷത്തിൽ വിവിധ രാജ്യങ്ങളിലെ ബൗദ്ധിക പ്രതിഭകളെ സംസ്ഥാനത്തെ സർവ്വകലാശാലകളിൽ പ്രൊഫസർമാരായി എത്തിക്കാൻ സാധിച്ചിട്ടുണ്ട്. കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലെ സർട്ടിഫിക്കറ്റ് വിതരണവുമായി ബന്ധപ്പെട്ട വിവാദത്തിന്മേൽ ഉന്നതതല അന്വേഷണം നടത്തണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): നിയമ സർവ്വകലാശാലയുടെ ചാൻസലറായി ഹൈക്കോടതി ചീഫ് ജസ്റ്റീസിനെ നിയമിച്ച അതേ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിലാണ് സർവ്വകലാശാലകളിൽ വൈസ് ചാൻസലർ നിയമനം നടത്തിയത്. ചാൻസലർ പദവിയിൽനിന്ന് ഗവർണറെ നീക്കം ചെയ്യണമെന്ന കാര്യത്തിൽ അഭിപ്രായ സമന്വയമുണ്ടായത് സ്വാഗതാർഹമാണ്. കെ. ആർ. നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സിലെ പ്രശ്നങ്ങൾ അന്വേഷിക്കുന്നതിന് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്. ഗവൺമെന്റ് കോളേജുകളിലെ അദ്ധ്യാപക നിയമനം യു.ജി.സി. റെഗുലേഷന് വിധേയമായാൽ പി.എസ്.സി. മുഖേന നിയമനം നടത്താൻ സാധിക്കാതെ വരും. കൺകറന്റ് ലിസ്റ്റിലുൾപ്പെടുന്ന ഒരു ബിൽ സംസ്ഥാന നിയമസഭയിൽ

അവതരിപ്പിക്കുന്നതിന് മുൻകൂർ അനുമതി ആവശ്യമില്ലെന്ന് 2010-ൽ കേന്ദ്ര ഗവൺമെന്റിന്റെ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്; അതനുസരിച്ച് റൂൾസ് ഓഫ് ബിസിനസിൽ മാറ്റം വരുത്തേണ്ടതാണ്. ഒരു ചാൻസലറാണോ ഒന്നിൽ കൂടുതൽ ചാൻസലറാണോ വേണ്ടത് എന്നുള്ളത് പിന്നീട് തീരുമാനിക്കാം. ബഹുമാന്യരായ മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, സ്പീക്കർ എന്നിവരടങ്ങുന്ന കമ്മിറ്റി ശിപാർശ ചെയ്യുന്ന വ്യക്തിയെ ചാൻസലറായി നിയമിക്കാം. പ്രതിപക്ഷം കൊണ്ടുവന്ന നിർദ്ദേശങ്ങളിന്മേൽ പ്രായോഗിക ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളെപോലെ ഏകപക്ഷീയമായി തീരുമാനമെടുക്കുന്നതിനുപകരം വിദ്യാഭ്യാസ വിചക്ഷണരെ ചാൻസലറായി നിയമിക്കണമെന്നാണ് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്. സർവ്വകലാശാലകളെ നയിക്കാൻ കഴിയുന്ന വിദഗ്ദ്ധരെയാണ് ചാൻസലറായി നിയമിക്കേണ്ടത്. നിയമ സർവ്വകലാശാലയിൽ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസാണ് ചാൻസലറാകുന്നത്. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്ത് ജനാധിപത്യപരമായ മാറ്റം കൊണ്ടുവരുന്നതിന് സഹായകരമാകുമെന്നതിനാൽ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(സർവ്വകലാശാലകളെ രാഷ്ട്രീയവൽക്കരിച്ച് സ്വയംഭരണാവകാശത്തെ തകർക്കുന്നു എന്നാരോപിച്ച് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിക്കുകയും ചെയ്തു.)

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ ബിൽ), 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ ബിൽ) എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

(i) 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ ബിൽ)

രണ്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(a) ഖണ്ഡത്തിൽ 25-ാം വകുപ്പ് 1-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്.

" (1) The Government shall appoint an academician of high repute or a person of eminence in any of the fields of science

including agriculture and veterinary science, technology, medicine, social science, humanities, literature, art, culture, law or public administration as the Chancellor of the University on the recommendation of a selection committee consisting of the following members, namely:-

(i) The Chief Minister- Chairperson;

(ii) The Speaker, Kerala Legislative Assembly- Member; and

(iii) The leader of Opposition, Kerala Legislative Assembly -Member."

125, 126, 142, 150, 151, 167, 168, 169, 170, 181, 182, 183, 188, 193 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(a) ഖണ്ഡത്തിൽ 7-ാം വകുപ്പ് 1-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്.

" (1) The Government shall appoint an academician of high repute or a person of eminence in any of the fields of science including agriculture and veterinary Science, technology, medicine, social science, humanities, literature, art, culture, law or public administration as the Chancellor of the University on the recommendation of a selection committee consisting of the following members, namely:-

(i) The Chief Minister- Chairperson;

(ii) The Speaker, Kerala Legislative Assembly- Member; and

(iii) The leader of Opposition, Kerala Legislative Assembly -Member."

196, 197, 213, 219, 220, 225, 236, 237, 238, 239, 250, 251, 253, 259, 264, 265 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(a) ഖണ്ഡത്തിൽ 7-ാം വകുപ്പ് 1-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്.

" (1) The Government shall appoint an academician of high repute or a person of eminence in any of the fields of science including agriculture and veterinary Science, technology, medicine, social science, humanities, literature, art, culture, law or public administration as the Chancellor of the University on the recommendation of a selection committee consisting of the following members, namely:-

(i) The Chief Minister- Chairperson;

(ii) The Speaker, Kerala Legislative Assembly- Member; and

(iii) The leader of Opposition, Kerala Legislative Assembly -Member.”

267, 268, 278, 284, 285, 286, 296, 297, 298, 299, 302, 303, 304, 305, 311, 312, 313 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(a) ഖണ്ഡത്തിൽ 7-ാം വകുപ്പ് 1-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്.

“ (1) The Government shall appoint an academician of high repute or a person of eminence in any of the fields of science including agriculture and veterinary science, technology, medicine,

social science, humanities, literature, art, culture, law or public administration as the Chancellor of the University on the recommendation of a selection committee consisting of the following members, namely:-

(i) The Chief Minister- Chairperson;

(ii) The Speaker, Kerala Legislative Assembly- Member; and

(iii) The leader of Opposition, Kerala Legislative Assembly -Member."

315, 316, 325, 331, 332, 344, 345, 346, 347, 352, 353, 354, 355, 356, 361 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(a) ഖണ്ഡത്തിൽ 8-ാം വകുപ്പ് 1-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്.

" (1) The Government shall appoint an academician of high repute or a person of eminence in any of the fields of science including agriculture and veterinary science, technology, medicine, social science, humanities, literature, art, culture, law or public administration as the Chancellor of the University on the recommendation of a selection committee consisting of the following members, namely:-

(i) The Chief Minister- Chairperson;

(ii) The Speaker, Kerala Legislative Assembly- Member; and

(iii) The leader of Opposition, Kerala Legislative Assembly -Member."

364, 365, 373, 375, 376, 385, 391, 392, 393, 394, 398, 399, 400, 402, 407, 408 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(a) ഖണ്ഡത്തിൽ 7-ാം വകുപ്പ് 1-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്.

“ (1) The Government shall appoint an academician of high repute or a person of eminence in any of the fields of science including agriculture and veterinary science, technology, medicine, social science, humanities, literature, art, culture, law or public administration as the Chancellor of the University on the recommendation of a selection committee consisting of the following members, namely:-

(i) The Chief Minister- Chairperson;

(ii) The Speaker, Kerala Legislative Assembly- Member; and

(iii) The leader of Opposition, Kerala Legislative Assembly -Member.”

410, 411, 420, 426, 427, 428, 439, 440, 441, 447, 448, 449, 450, 451, 456 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എട്ടാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(a) ഖണ്ഡത്തിൽ 9-ാം വകുപ്പ് 1-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്.

“ (1) The Government shall appoint an academician of high repute or a person of eminence in any of the fields of science including agriculture and veterinary science, technology, medicine, social science, humanities, literature, art, culture, law or public

administration as the Chancellor of the University on the recommendation of a selection committee consisting of the following members, namely:-

(i) The Chief Minister- Chairperson;

(ii) The Speaker, Kerala Legislative Assembly- Member; and

(iii) The leader of Opposition, Kerala Legislative Assembly -Member."

458, 459, 468, 473, 474, 479, 484, 485, 486, 487, 488, 491, 492, 493, 494, 495, 496, 501, 502 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(a) ഖണ്ഡത്തിൽ 7-ാം വകുപ്പ് 1-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്.

" (1) The Government shall appoint an academician of high repute or a person of eminence in any of the fields of science including agriculture and veterinary science, technology, medicine, social science, humanities, literature, art, culture, law or public administration as the Chancellor of the University on the recommendation of a Selection Committee consisting of the following members, namely:-

(i) The Chief Minister - Chairperson;

(ii) The Speaker, Kerala Legislative Assembly - Member; and

(iii) The Leader of Opposition, Kerala Legislative Assembly - Member."

503, 504, 511, 517, 518, 529, 530, 531, 532, 534, 535, 536, 537, 538, 539, 544, 545 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (ii) 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ

### 2-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(എ) ഖണ്ഡത്തിൽ 8-ാം വകുപ്പ് (1)-ാം ഉപവകുപ്പിനുപകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്.

" (1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യുമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിന്മേൽ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്,

അതായത്:-

(1) മുഖ്യമന്ത്രി - ചെയർപേഴ്സൺ;

(2) സ്പീക്കർ, കേരള നിയമസഭ - അംഗം;

(3) പ്രതിപക്ഷ നേതാവ്, കേരള നിയമസഭ - അംഗം."

135, 138, 154, 155, 163, 188, 189, 191, 193, 208, 209, 210, 214, 221 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

208. ഖണ്ഡം 2(എ) പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1 എഫ്)-ൽ "അയാളുടെ" എന്നതിന് പകരം "അയാളെ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 3-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(എ) ഖണ്ഡത്തിൽ 31-ാം വകുപ്പ് (1)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്.

“ (1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യൂമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിന്മേൽ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്,

അതായത്:-

(1) മുഖ്യമന്ത്രി - ചെയർപേഴ്സൺ;

(2) സ്പീക്കർ, കേരള നിയമസഭ - അംഗം;

(3) പ്രതിപക്ഷ നേതാവ്, കേരള നിയമസഭ - അംഗം.”

235, 247, 259, 260, 261, 262, 267, 268 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

267. ഖണ്ഡം 3 (എ) പ്രകാരം കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല ആക്റ്റ് 2010-ൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 (1 എഫ്)(ഡി)-ൽ "അയാളുടെ" എന്നതിനു പകരം "അയാളെ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>4-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(എ) ഖണ്ഡത്തിൽ 26-ാം വകുപ്പ് (1)-ാം ഉപവകുപ്പിനുപകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്.

" (1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യൂമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സെലക്ഷൻ കമ്മിറ്റിയുടെ

ശിപാർശയിന്മേൽ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്,

അതായത്:-

(1) മുഖ്യമന്ത്രി - ചെയർപേഴ്സൺ;

(2) സ്പീക്കർ, കേരള നിയമസഭ - അംഗം;

(3) പ്രതിപക്ഷ നേതാവ്, കേരള നിയമസഭ - അംഗം.”

285, 294, 295, 315, 316, 318, 325, 327, 331, 338 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

325. ഖണ്ഡം 4(എ) പ്രകാരം 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 26(1 എഫ്) (ഡി)-ൽ “ അയാളുടെ" എന്നതിന് പകരം "അയാളെ” എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>5-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(എ) ഖണ്ഡത്തിൽ 10-ാം വകുപ്പ് (1)-ാം ഉപവകുപ്പിനുപകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്.

" (1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യൂമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിന്മേൽ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്,

അതായത്:-

(1) മുഖ്യമന്ത്രി - ചെയർപേഴ്സൺ;

(2) സ്പീക്കർ, കേരള നിയമസഭ - അംഗം;

(3) പ്രതിപക്ഷ നേതാവ്, കേരള നിയമസഭ - അംഗം."

341, 349, 352, 353, 361, 364, 367, 375, 376, 377, 378, 384, 385, 396 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

384. ഖണ്ഡം 5 (എ) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(1 എഫ്)-ൽ "അയാളുടെ" എന്നതിന് പകരം "അയാളെ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>6-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(എ) ഖണ്ഡത്തിൽ 8-ാം വകുപ്പ് (1)-ാം ഉപവകുപ്പിനുപകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്.

“ (1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം,

സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യൂമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിന്മേൽ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്,

അതായത്:-

(1) മുഖ്യമന്ത്രി - ചെയർപേഴ്സൺ;

(2) സ്പീക്കർ, കേരള നിയമസഭ - അംഗം;

(3) പ്രതിപക്ഷ നേതാവ്, കേരള നിയമസഭ - അംഗം."

407, 411, 419, 436, 438, 443, 445, 449, 451, 457 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

443. ഖണ്ഡം 6(എ) പ്രകാരം 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 8(1 എഫ്)-ൽ "അയാളുടെ" എന്നതിന് പകരം "അയാളെ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(എ) ഖണ്ഡത്തിൽ 8-ാം വകുപ്പ് (1)-ാം ഉപവകുപ്പിനുപകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്.

“ (1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യൂമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിന്മേൽ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്,

അതായത്:-

(1) മുഖ്യമന്ത്രി - ചെയർപേഴ്സൺ;

(2) സ്പീക്കർ, കേരള നിയമസഭ - അംഗം;

(3) പ്രതിപക്ഷ നേതാവ്, കേരള നിയമസഭ - അംഗം.”

460, 464, 471, 483, 493, 494, 495, 496, 497, 502, 504 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

502. ഖണ്ഡം 7 (എ) പ്രകാരം 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതന വിദ്യ സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 (1എഫ്)-ൽ "അയാളുടെ" എന്നതിന് പകരം "അയാളെ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(iii) 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിന്റെ 18-ാം വകുപ്പിൽ താൽക്കാലിക രജിസ്ട്രേഷന്റെ നിയമസാധുത നാലര വർഷമായി നീട്ടണമെന്നും 51-ാം വകുപ്പിലെ 1-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ 'രണ്ട്' എന്ന വാക്കിനുപകരം 'നാല്' എന്ന വാക്ക് ചേർക്കണമെന്നുമുള്ള ഭേദഗതികളാണ് കൊണ്ടുവന്നിരിക്കുന്നത്. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സേവനം മെച്ചപ്പെടുത്തുന്നതിന് ഈ നിയമം നടപ്പാക്കുന്നത് അനിവാര്യമാണെന്ന് സർക്കാർ കരുതുന്നു. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടാം വകുപ്പ്

156, 171, 172 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(1)-ാം ഉപഖണ്ഡത്തിൽ " 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ആക്റ്റ്"-ലെ "രണ്ടാം" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത

പ്രകാരമുള്ള 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): പ്രമേയത്തെ പിന്താങ്ങുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

166. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 4(2)-ന്റെ ക്ലിപ്തനിബന്ധനയിൽ " നാമനിർദ്ദേശം

ചെയ്യപ്പെടുന്നത്" എന്നതിന് പകരം "നാമനിർദ്ദശം ചെയ്യപ്പെട്ടത്" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): അംശദായം അടയ്ക്കുന്നതിന് ഒരു വർഷത്തിലധികം കുടിശ്ശിക വരുത്തുന്ന അംഗങ്ങളുടെ അംഗത്വം സർക്കാർ അനുമതിയോടെ മാത്രം പുനരുജ്ജീവിപ്പിക്കുന്നതിനും ബോർഡിന്റെ ചെയർമാനായി മന്ത്രിയെ നിശ്ചയിക്കുന്നതിനുമുള്ള ഭേദഗതികളാണ് അവതരിപ്പിച്ചിരിക്കുന്നത്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

169, 184, 185 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

169. ഖണ്ഡം 4(1) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 9(3)(എ)-ൽ "വാക്കുകൾക്ക്" എന്നതിന് പകരം "വാക്കുകൾക്കും ചിഹ്നത്തിനും" എന്ന് ചേർക്കുക.

184. ഖണ്ഡം 4(ii) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 9(3)(ബി)-ൽ " വാക്കുകൾ" എന്നതിന് പകരം "വാക്കുകളും ചിഹ്നവും" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ പാസാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## VI. അവകാശലംഘന പ്രശ്നങ്ങൾ

(1) പരിഗണനയിലിരിക്കുന്നവ

ശ്രീ. പി. വി. ശ്രീനിജിൻ എം.എൽ.എ. ശ്രീ. സാബു എം. ജേക്കബിനെതിരെ നൽകിയ അവകാശലംഘന നോട്ടീസ് അന്വേഷണത്തിനും റിപ്പോർട്ടിനുമായി പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ പരിഗണനയിലാണ്.

## (2) അനുമതി നിഷേധിച്ചവ

മുഖ്യമന്ത്രിക്കെതിരെ ഡോ. മാത്യു കുഴൽനാടൻ എം.എൽ.എ. നൽകിയ അവകാശലംഘന നോട്ടീസിന് അനുമതി നിഷേധിച്ചു.

## (3) പെരുമാറ്റച്ചട്ടലംഘന പ്രശ്നങ്ങൾ

### അനുമതി നിഷേധിച്ചവ

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതിയുടെ അഖിലേന്ത്യാ പഠനപര്യടന വേളയിൽ ഡോ. കെ. ടി. ജലീൽ എം.എൽ.എ. ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്ത കുറിപ്പിലൂടെ നിയമസഭാംഗങ്ങളുടെ പെരുമാറ്റച്ചട്ടത്തിന് വിരുദ്ധമായി പ്രവർത്തിച്ചിരിക്കുന്നുവെന്നാരോപിച്ച് ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ. നൽകിയ നോട്ടീസ് ചെയർ പരിഗണിക്കുകയും ടി വിഷയത്തിൽ ഡോ. കെ. ടി. ജലീൽ ലഭ്യമാക്കിയ വിശദീകരണം പരിശോധിക്കുകയും പെരുമാറ്റച്ചട്ടലംഘനത്തിന് ഹേതുവാകുന്ന യാതൊരു നടപടിയും ഉണ്ടായിട്ടില്ലെന്ന് ബോദ്ധ്യമാകുകയും ചെയ്തതിനാൽ പെരുമാറ്റച്ചട്ടലംഘന നോട്ടീസിന് അനുമതി നിഷേധിച്ചിരിക്കുന്നു.

## VII. പ്രമേയം

സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

'സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയാവുന്നതാണ് ' എന്ന പ്രമേയം ബഹു. മുഖ്യമന്ത്രി അവതരിപ്പിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## VIII. അവലോകനം

പതിനഞ്ചാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിൽ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും മൂന്ന് വനിതാ അംഗങ്ങൾ ചെയർമാന്മാരുടെ പാനലിൽ ഉൾപ്പെട്ടത് സമ്മേളനത്തിന്റെ പ്രസക്തി വർദ്ധിപ്പിച്ചുവെന്നും 7 സമ്മേളനങ്ങൾ പൂർത്തീകരിച്ചുവെങ്കിലും 5 സമ്മേളനങ്ങളിലും അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയാതിരുന്നത് ഒരു പോരായ്മയായി വിലയിരുത്തുകയാണെന്നും അഭിപ്രായപ്പെട്ടു. നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതിന് മന്ത്രിമാർ ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുകയും " ആസാദി കാ അമൃത് മഹോത്സവ്"-ന്റെയും കേരള നിയമസഭാ ലൈബ്രറിയുടെ ശതാബ്ദി ആഘോഷങ്ങളുടെയും ഭാഗമായി 2023 ജനുവരി 9 മുതൽ 15 വരെ നടത്തുന്ന " കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവ"ത്തോടനുബന്ധിച്ച് സംഘടിപ്പിച്ചിട്ടുള്ള

സാഹിത്യോത്സവത്തിന്റെ ഭാഗമായി സാഹിത്യ-സാംസ്കാരിക-മാധ്യമ-രാഷ്ട്രീയ-സാമൂഹ്യ-സാങ്കേതിക രംഗത്തെ പ്രമുഖരെ ഉൾക്കൊള്ളിച്ച് വിവിധ പരിപാടികളും സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കും പൊതുവിഭാഗങ്ങൾക്കുമായി ഓൺലൈൻ മത്സരങ്ങളും നടത്തുവാനും മലയാള സാഹിത്യത്തിൽ സമഗ്ര സംഭാവന നൽകിയ വ്യക്തിക്ക് ' നിയമസഭാ ലൈബ്രറി അവാർഡ്', പുസ്തകോത്സവവും സാഹിത്യോത്സവവും മികച്ച രീതിയിൽ റിപ്പോർട്ട് ചെയ്യുന്നവർക്ക് വ്യക്തിഗത അവാർഡുകൾ എന്നിവ നൽകാനും തീരുമാനിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പുസ്തകോത്സവത്തിന്റെ വിജയത്തിന് മന്ത്രിമാരുടേയും സാമാജികരുടേയും സഹകരണം അഭ്യർത്ഥിക്കുകയും സമ്മേളന നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ക്രിസ്തുമസ്-നവവത്സരാശംസകൾ നേരുകയും ചെയ്തു.

(സഭ ദേശീയഗാനാലാപനത്തോടെ ഉച്ചയ്ക്കുശേഷം 3.50-ന് അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.)

***